പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5351 | 26-03-2018 -ൽ മറുപടിക്ക്

## ദുരന്ത നിവാരണത്തിന് വിവിധ ഏജൻസികളുടെ ഏകോപനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീ. വി.ആർ. സുനിൽ കുമാർ<br>ശ്രീ. മുഹമ്മദ് മുഹസിൻ പി.** | | **ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും<br>വകുപ്പ് മന്ത്രി)** |
| എ) | ദുരന്ത നിവാരണത്തിന് സംസ്ഥാന പദ്ധതി, ജില്ലാ പദ്ധതി എന്നിവ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് തയ്യാറാക്കുമോ; | എ) | ദുരന്ത നിവാരണത്തിന് സംസ്ഥാന പദ്ധതി, ജില്ലാ പദ്ധതി എന്നിവ നിലവിലുണ്ട്. |
| ബി) | ദുരന്ത നിവാരണത്തിലും പ്രതിരോധത്തിലും വിവിധ ഏജൻസികളുടെ ഏകോപനം ഫലപ്രദമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | ബി) | ദുരന്ത നിവാരണ നിയമം 2005 അനുസരിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി, സംസ്ഥാന അതോറിറ്റിയുടെ ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റികൾ, സംസ്ഥാന അതോറിറ്റിയുടെ ഉപദേശക സമിതികൾ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ, സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രം, സംസ്ഥാന വരൾച്ചാ നിരീക്ഷണ സെൽ, ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ എന്നിവ പ്രവർത്തിച്ചു വരുന്നു. സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി, 2016 sdma.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ 12 ഇന ഉപലക്ഷ്യങ്ങളും 27 പദ്ധതികളുമാണ് ഉൾക്കൊള്ളുന്നത്. സംസ്ഥാന തലത്തിൽ ദുരന്ത സാഹചര്യങ്ങളുടെ അപഗ്രഥനം, വിവര ശേഖരണം, സാധ്യമായവയുടെ മുന്നറിയിപ്പ് നൽകൽ, കേന്ദ്ര-സംസ്ഥാന പ്രതികരണ സേനകളുടെ ഏകോപനം എന്നിവ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർവ്വഹിച്ചു വരുന്നു. ജില്ലാ തലത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ |

| | | | |
|---|---|---|---|
| | | | അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രവും പ്രവർത്തിച്ചു വരുന്നു. ഈ സംവിധാനങ്ങൾ 24 മണിക്കൂറും പ്രവർത്തിക്കുന്നു.<br>സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി പ്രകാരം വകുപ്പുകളുടെ പൊതുപദ്ധതിയിൽ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ദുരന്ത ലഘൂകരണം എന്ന വിഷയത്തിന് കൂടുതൽ പ്രാധാന്യം ലഭിക്കുന്നതിനായി എല്ലാ വകുപ്പിലും ദുരന്ത നിവാരണത്തിനായി 15 പേർ അടങ്ങുന്ന ഒരു virtual cadre രൂപീകരിക്കുന്നതിന് ഉദ്യോഗസ്ഥരെ ശിപാർശ ചെയ്യാൻ വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) | ദുരന്ത സാധ്യതാ മേഖലകളിൽ ആധുനിക വാർത്താ വിനിമയ സംവിധാനങ്ങളുടെ ഉപയോഗം ഫലപ്രദമാക്കുന്നതിനും മുൻകൂട്ടി ദുരന്ത സാധ്യതാ മുന്നറിയിപ്പ് നൽകുന്നതിനും സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | സി) | സംസ്ഥാന തലത്തിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നത് സംസ്ഥാന അടിയന്തിരഘട്ട കാര്യ നിർവ്വഹണ കേന്ദ്രമാണ് (State Emergency Operations Centre). ഇതിനായി ഒരു സമ്പൂർണ തീരുമാന സഹായ സംവിധാനം (Decision Support System) കെൽട്രോൺ തയ്യാറാക്കി വരുന്നു.<br>ദുരന്ത നിവാരണ നിയമം 2005, പ്രകാരം പ്രധാന ദുരന്ത പ്രതികരണ വകുപ്പുകളുടെ ആഭ്യന്തര ദുരന്ത സംവേദന ശേഷി വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന അതോറിറ്റി തീരുമാനിക്കുകയും ലാൻഡ് റവന്യൂ വകുപ്പിന്റെ കമ്മീഷണറുടെ കീഴിൽ ഉള്ള സ്റ്റേറ്റ് കൺട്രോൾ റൂം വികസിപ്പിക്കുന്നതിന് 10 ലക്ഷം രൂപ അനുവദിക്കുകയുമുണ്ടായി.<br>അഗ്നി രക്ഷാ വകുപ്പിന് ആഭ്യന്തര ദുരന്ത സംവേദന ശേഷി വർദ്ധിപ്പിക്കുന്നതിനായി എൽ.പി.ജി ലീക്ക് ഉണ്ടാകുന്ന അവസരത്തിൽ പോലും ഉപയോഗിക്കാവുന്ന (intrinsically safe) തരത്തിലുള്ള VHF റേഡിയോകൾ വാങ്ങുവാൻ 25 ലക്ഷം രൂപ അനുവദിച്ചു.<br>സംസ്ഥാന അതോറിറ്റി നിലവിൽ പത്ര-മാധ്യമങ്ങൾക്കും, IPS, IAS ഉദ്യോഗസ്ഥർ, പൊതു ജനങ്ങൾ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്കും, ദുരന്ത സാധ്യതാ മുന്നറിയിപ്പ് ലഭിച്ചാൽ ഉടൻ വിശകലനം ചെയ്തു നിലവിൽ ഉള്ള Standard Operating Procedure പ്രകാരമുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | നിർദേശിക്കുന്നതിന് WhatsApp, Facebook, email എന്നീ സങ്കേതങ്ങൾ ഉപയോഗിക്കുന്നുണ്ട്.<br><br>ദേശീയ ദുരന്ത നിവാരണ സേവനങ്ങൾ (എൻ.ഡി.എം.എസ്.) കേരളത്തിൽ ഇടുക്കി, വയനാട്, എറണാകുളം എന്നീ മൂന്ന് ജില്ലകളിൽ നിന്ന് സംസ്ഥാന അടിയന്തിരഘട്ട കാര്യ നിർവ്വഹണ കേന്ദ്രത്തിലേക്ക് ആശയ വിനിമയം നടത്തുന്നതിനായി ഈ സംവിധാനം ഉപയോഗിച്ച് വരുന്നു. ഇതിൽ ഉപഗ്രഹ ഫോൺ, ഹൈ ഫ്രീക്വൻസി റേഡിയോ, വീസാറ്റ് എന്നീ ഉപകരണങ്ങളും ഇത് പ്രവർത്തിപ്പിക്കാൻ ഒരു സാങ്കേതിക വിദഗ്ധനെയും നിയോഗിച്ചിരിക്കുന്നു.<br>ISRO-INCOIS എന്നിവരുമായി ചേർന്ന് ഉപഗ്രഹാധിഷ്ഠിത മുന്നറിയിപ്പ് മത്സ്യ തൊഴിലാളികളിൽ എത്തിക്കുന്നതിനുള്ള സംവിധാനമായ NAVIC, 500 മത്സ്യ ബന്ധനയാനങ്ങൾക്ക് സൗജന്യമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചു.<br>പ്രാദേശികമായി ഇടിമിന്നലും തീവ്ര കാലാവസ്ഥയും പ്രവചിക്കുന്നതും കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ സംവിധാനങ്ങളിൽ നിന്നും വിഭിന്നമായതുമായ ഒരു സ്വതന്ത്ര സംവിധാനം സംസ്ഥാനത്ത് 6 മാസത്തേക്ക് പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിക്കുവാൻ കെൽട്രോണിനോട് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ